## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1278 — 04.12.2014 ൽ മറുപടിക്ക്

## കരുവൻതിരുത്തി വില്ലേജ് ഓഫീസ്

| ചോദ്യം<br>ശ്രീ. എളമരം കരീം | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തമായ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; | (എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത് |
| (ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുതന്ന ഭൂമി ഏറ്റെടുത്തിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ; | (ബി) 4 വർഷം കഴിഞ്ഞു. 12.10.2010 നാണ് വില്ലേജാഫീസ് നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുതന്ന സ്ഥലം ഏറ്റെടുത്തത്. |
| (സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ? | (സി) കരുവൻതിരുത്തി വില്ലേജ് ആഫീസ് കെട്ടിടം നിർമ്മാണത്തിനായി ലഭ്യമാക്കിയിട്ടുള്ള 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ ശുപാർശയിന്മേൽ, സ്മാർട്ട് വില്ലേജ് മാതൃകയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ